# റമദാനെപ്പറ്റിയുള്ള പ്രവാചക വചനങ്ങൾ

അബൂസ്വാലിഹ് അസ്സയ്യാതി(റ)ൽനിന്ന് നിവേദനം. അദ്ദേഹം അബൂഹുറൈറ പറയുന്നതായി കേട്ടു: നബി(സ) പറഞ്ഞു: അല്ലാഹു അരുളിയിരിക്കുന്നു: മനുഷ്യരുടെ എല്ലാ കർമങ്ങളും അവനുള്ളതാകുന്നു. വ്രതം ഒഴികെ. അതെനിക്കുള്ളതാകുന്നു. നാം അതിന് പ്രതിഫലം നല്കും. നോമ്പ് ഒരു രക്ഷാകവചമാണ്. നിങ്ങൾ ആർക്കെങ്കിലും നോമ്പ് ദിനമായാൽ അവൻ ദുർവൃത്തിയും കലഹവും അരുത്. - ബുഖാരി.

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: പൊളിവചനവും തത്പ്രവർത്തനവും ഉപേക്ഷിക്കാത്തവൻ അന്നപാനീയങ്ങൾ ഉപേക്ഷിക്കണമെന്ന് അല്ലാഹുവിന് ആവ ശ്യമില്ല.
- ബുഖാരി.

അനസുബ്നു മാലിക്(റ)ൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ) പറഞ്ഞു: നിങ്ങൾ അത്താഴം കഴിക്കുക. തീർച്ചയായും അത്താഴത്തിൽ അഭിവൃദ്ധിയുണ്ട്.

- ബുഖാരി, മുസ്ലിം.

സഹലുബ്നു സഅ്ദ്(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: നോമ്പ് തുറക്കുവാൻ ജനം ധിറുതി കൂട്ടുവോളം അവർ പുണ്യത്തിലായിരിക്കും. - ബുഖാരി, മുസ്ലിം.

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും മറന്നുകൊണ്ട് ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്താൽ അവൻ തൻെറ നോമ്പ് പൂർത്തിയാ ക്കട്ടെ. നിശ്ചയം, അല്ലാഹുവാണ് അവനെ കുടിപ്പിക്കുകയും ഭക്ഷിപ്പിക്കുകയും ചെയ്തത്.
- ബുഖാരി, മുസ്ലിം.

സൈദുബ്നു ഖാലിദ്(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: വല്ലവരും നോമ്പുകാരനെ നോമ്പ് തുറപ്പിച്ചാൽ നോമ്പുകാരൻെറതിൽ ഒട്ടും കുറയാത്ത പ്രതിഫലം അവന് (നോമ്പ് തുറപ്പിച്ചവന്) ലഭിക്കുന്നതാണ്. - തിർമുദി.

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: റമദാൻ ആഗതമായാൽ സ്വർഗ വാതിലുകൾ തുറക്കപ്പെടും. നരകവാതിലുകൾ കൊട്ടിയടക്കപ്പെടും. പിശാചുക്കൾ ബന്ധനസ്ഥരാക്കപ്പെടും. - ബുഖാരി, മുസ്ലിം.

അബ്ദുല്ലാഹിബ്നു ഉമർ(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: വ്രതവും ഖുർആനും അന്ത്യനാളിൽ അടിമക്ക് ശിപാർശ ചെയ്യുന്നതായിരിക്കും. വ്രതം പറയും: രക്ഷിതാവേ, ഭക്ഷണത്തിൽനിന്നും വികാരങ്ങളിൽനിന്നും ഞാനവനെ തടഞ്ഞിട്ടുണ്ട്. അതിനാൽ അവൻെറ കാര്യത്തിൽ എൻെറ ശിപാർശ സ്വീകരിക്കേണമേ. ഖുർആൻ പറയും: രക്ഷിതാവേ, രാത്രി ഉറക്കിൽനിന്നും ഞാനിവനെ തടഞ്ഞിരുന്നു. അവൻെറ കാര്യത്തിൽ എൻെറ ശിപാർശ നീ സ്വീകരിക്കേണമേ. അങ്ങനെ അവയുടെ ശിപാർശ സ്വീകരിക്കും. - അഹ്മദ്.

നബി(സ) പറഞ്ഞു: വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി ആരെങ്കിലും നോമ്പനുഷ്ഠിച്ചാൽ അവൻെറ മുൻപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. - ബുഖാരി, മുസ്ലിം.

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി ആരെങ്കിലും റമദാനിലെ രാത്രി നിന്നു നമസ്കരിച്ചാൽ അവൻെറ മുൻപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. - ബുഖാരി, മുസ്ലിം.

ഇബ്നു ഖുസൈമ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: അത് (റമദാൻ) ക്ഷമയുടെ മാസമാകുന്നു. ക്ഷമയുടെ പ്രതിഫലം സ്വർഗമത്രെ. അതിൻെറ ആദ്യം കാരുണ്യമാകുന്നു. മധ്യം പാപമോചനമാകുന്നു. അവസാനം നരകമോചനമാകുന്നു.

അബ്ദുർറഹ്മാനുബ്നി ഔഫ്(റ)ൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ) പറഞ്ഞു: റമദാൻ ഒരു മാസമാകുന്നു. അല്ലാഹു അതിൽ വ്രതം നിർബന്ധമാക്കിയിരിക്കുന്നു. ഞാൻ മുസ്ലിംകൾക്ക് രാത്രി നമസ്കാരം സുന്നത്തുമാക്കിയിരിക്കുന്നു. പ്രതിഫലേഛയോടു കൂടി ആരെങ്കിലും വ്രതം അനുഷ്ഠിക്കുകയും രാത്രി നമസ്കാരം നിർവഹിക്കുകയും ചെയ്യുന്നു വോ തൻെറ മാതാവ് പ്രസവിച്ച ദിനത്തിലെപ്പോലെ പാപസുരക്ഷിതനായിരിക്കും അവൻ.

- നസാഈ

ആഇശ(റ)യിൽനിന്ന് നിവേദനം. അവർ പറഞ്ഞു: റമദാനിൻെറ അവസാന പത്ത് ആഗതമായാൽ നബി(സ) തൻെറ മുണ്ട് മുറുക്കിയുടുക്കുകയും രാത്രിയെ സജീവമാക്കുകയും വീട്ടുകാരെ വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു. -ബുഖാരി, മുസ്ലിം.

ആഇശ(റ)യിൽനിന്ന് നിവേദനം. അവർ പറഞ്ഞു: നബി(സ) റമദാനിൻെറ അവസാന പത്തിൽ തൻെറ മരണം വരെ ഇഅ്തികാഫ് ഇരുന്നിരുന്നു. -ബുഖാരി, മുസ്ലിം.

നബി(സ) പറഞ്ഞു: റമദാനിലെ ഉംറനിർവഹണം ഒരു ഹജ്ജിന് തുല്യമാണ്. അല്ലെങ്കിൽ എന്നോടൊത്തുള്ള ഹജ്ജിനു തുല്യമാണെന്നാണ് അവിടന്ന് പറഞ്ഞത്. -ബുഖാരി.

ആഇശ(റ)യിൽനിന്ന് നിവേദനം. അവർ പറഞ്ഞു: ഞാൻ നബി(സ)യോട് ചോദിച്ചു: ലൈലത്തുൽ ഖദ്ർ ആണെന്ന് മനസ്സിലായാൽ ഞാനെന്താണ് അതിൽ ചൊല്ലേണ്ടത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവേ, നീ പൊറുക്കുന്നവനാകുന്നു, പൊറുക്കുന്നതിനെ നീ ഇഷ്ടപ്പെടുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ എന്ന് നീ ചൊല്ലുക.

-തുർമുദി

ഇബനു അബ്ബാസ്(റ)ൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നന്മയുടെ കാര്യത്തിൽ ജന ങ്ങളിൽ വെച്ചേറ്റവും ഔദാര്യവാനായിരുന്നു റസൂൽ(സ). റമദാനിൽ ജിബ്രീൽ(അ) അദ്ദേ ഹവുമായി സന്ധിക്കുമ്പോഴൊക്കെ അദ്ദേഹം വളരെയേറെ ഉദാരനാകുമായിരുന്നു. റമദാൻ തീരുവോളം ഓരോ രാത്രിയിലും ജിബ്രീൽ അദ്ദേഹവുമായി കാണുകയും റസൂൽ(സ) ഖുർആൻ കേൾപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. ജിബ്രീൽ(അ) കണ്ടുമുട്ടുമ്പോൾ നന്മയുടെ കാര്യത്തിൽ അടിച്ചുവീശുന്ന കാറ്റിനെക്കാൾ അദ്ദേഹം ഉദാരനായിരുന്നു.

- ബുഖാരി

നബി(സ) പറഞ്ഞു: എത്രയെത്ര നോമ്പകാരനുണ്ട്. വിശപ്പും ദാഹവുമല്ലാതെ അവന് അവൻെറ നോമ്പ് കൊണ്ട് ഒരു നേട്ടവും ഇല്ല. എത്രയെത്ര രാത്രി നമസ്കാരക്കാരുണ്ട്. ഉറക്കമൊഴിക്കലും ക്ഷീണവുമല്ലാതെ അവർക്ക് ഒരു നേട്ടവും ഇല്ല. - അഹ്മദ്.

അബൂഹുസൈമ(റ)യിൽനിന്ന് നിവേദനം. നബി(സ) അരുളി: നോമ്പ് അന്നപാനീയങ്ങൾ വർജിക്കലല്ല. തീർച്ചയായും വ്രതം ദുർവൃത്തിയും വക്കാണവും വർജിക്കലാകുന്നു. വല്ലവരും നിന്നെ ശകാരിക്കുകയോ അവിവേകം പ്രവർത്തിക്കുകയോ ചെയ്താൽ നീ പറയുക: ഞാൻ നോമ്പുകാരനാണെന്ന്.

നബി(സ) പറഞ്ഞു: നോമ്പ് തുറക്കുമ്പോൾ നോമ്പുകാരൻ ചെയ്യുന്ന പ്രാർഥന മടക്കപ്പെടുന്നതല്ല. - ഇബ്നു മാജ.

സഹ്ലുബ്നു സഅ്ദ്(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: തീർച്ചയായും സ്വർഗത്തിന് ഒരു വാതിലുണ്ട്. അതിന് റയ്യാൻ എന്നാണ് പറയപ്പെടുന്നത്. അന്ത്യനാളിൽ നോമ്പുകാർ മാത്രമേ അതിലൂടെ പ്രവേശിക്കുകയുള്ളൂ. അവരല്ലാത്ത ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല. അവർ അതിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആ വാതിൽ അടക്കപ്പെടും.

- ബുഖാരി, മുസ്ലിം.

നബി(സ) പറഞ്ഞു: ഇമാം പിരിഞ്ഞുപോകുന്നതു വരെ ഒരാൾ സംഘടിതമായി തറാവീഹ് നമസ്കരിച്ചാൽ ആ രാത്രി മുഴുവൻ നിന്നു നമസ്കരിച്ച പ്രതിഫലം അവന് ലഭിക്കു ന്നതാണ്.

നബി(സ) പറഞ്ഞു: (മാസപ്പിറവി കണ്ടുവോ ഇല്ലയോ എന്ന്) സംശയകരമായ ദിനം നോമ്പെടുത്തുന്‍ അബുൽഖാസിമിനെ (നബിയെ) ധിക്കരിച്ചിരിക്കുന്നു.
- അബൂദാവൂദ്, തിർമുദി, നസാഈ

അനസുബ്നു മാലികിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. നബി(സ) അരുളി. തീർച്ച ായും അല്ലാഹു യാത്രക്കാരന് നമസ്കാരത്തിൽ പകുതിയും യാത്രക്കാരനും ഗർഭിണിക്കും കുലകുടിപ്പിക്കുന്നവൾക്കും നോമ്പും ഇളവ് ചെയ്തിരിക്കുന്നു.
- ഇബനു മാജ

നബി(സ) നമ്മുടെ ഇക്കാര്യത്തിൽ പെടാത്ത വല്ലും ആരെങ്കിലും ചെയ്താൽ അത് തള്ള ടേണ്ടതാണ്.
- മുസ്ലിം

നബി(സ) പറഞ്ഞു: നിങ്ങൾ അത്താഴും കഴിക്കുക. തീർച്ചയായു അത്താഴത്തിൽ അനുഗ്രഹ മുണ്ട്.
- ബുഖാരി, മുസ്ലിം.